(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എയിഡഡ് കോളേജുകളിൽ 103 അദ്ധ്യാപകരെ പുതിയതായി നിയമിച്ചിട്ടുണ്ട്. സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് ബന്ധപ്പെട്ട മാനേജുമെന്റുകളാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് എയിഡഡ് കോളേജുകളിൽ ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് എന്നീ കോഴ്സുകളിൽ കൂടുതലായി സീറ്റുകൾ അനുവദിച്ചിട്ടില്ല. സർവകലാശാലാ തലത്തിലുള്ള വിവരം ശേഖരിച്ചുവരുന്നു.

സർവ്വകലാശാലകളിൽ ഉയർന്ന കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടി

15 [312] ശ്രീ. വി. ഡി. സതീശൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം സർവ്വകലാശാലകൾക്ക് +2 കോഴ്സിന് ശേഷമുള്ള പഞ്ചവത്സര എം. എസ്. സി. കോഴ്സുകളും ഡിഗ്രിക്ക് ശേഷമുള്ള പഞ്ചവത്സര എം. എസ്. സി. പി. എച്ച്. ഡി. കോഴ്സുകളും നടത്താൻ കേന്ദ്ര ഗവൺമെന്റിന് പരിപാടിയുണ്ട്;

(ബി) ഇത്തരം കോഴ്സുകൾ തുടങ്ങാൻ സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകൾക്ക് സംവിധാനം ഉണ്ട്;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഈ കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഈ കോഴ്സുകൾ അഫിലിയേറ്റഡ് കോളേജുകളിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (സി) വിവരം ശേഖരിച്ചുവരുന്നു.

എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി

16 [313] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണ കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ ആരംഭിച്ച എഡ്യൂസാറ്റ് വഴിയുള്ള വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം പ്രദേശത്താണ് നടപ്പാക്കുന്നത്;

(ബി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പൂർണ്ണമായ രീതിയിൽ സംസ്ഥാനത്തിന് പ്രയോജനപ്പെടും വിധം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly